Uncorrected/Not for publication
09-10-2025

## അവകാശ ലംഘന പ്രശ്നങ്ങൾ

### (I) സഭ തീർപ്പാക്കിയവ

### (i) ശ്രീ. പി. സി വിഷ്ണുനാഥ്, എം. എൽ. എ. നൽകിയ പരാതി

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളന കാലയളവിൽ നടപടികൾ നിർത്തിവയ്ക്കുന്നു എന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ചാവേളയിൽ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള ഒരു പ്രസ്താവന നടത്തിയ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കെതിരെ അകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. നോട്ടീസ് നൽകിയിരുന്നു. ചെയർ ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയിൽനിന്നും പ്രതികരണം ആരാഞ്ഞിരുന്നു. ആയതിൻപ്രകാരം ചർച്ചയ്ക്കിടെ മറുപടി പറയുമ്പോൾ ആനുഷംഗികമായി പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിൽ അന്നത്തെ വകുപ്പുമന്ത്രി നൽകിയ 3204-ാം നമ്പർ ചോദ്യത്തിനുള്ള മറുപടി

പരാമർശിക്കുകയായിരുന്നുവെന്നും കൂടാതെ സാമ്പത്തിക സർവെയിലെ അച്ചടിപ്പിശകുമൂലമുണ്ടായ തെറ്റായ കണക്ക് ചൂണ്ടിക്കാട്ടുകയുമാണുണ്ടായതെന്നും സൂചിപ്പിച്ചിരിക്കുന്നു. അതിനാൽ അന്നത്തെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സഭയെ ബോധപൂർവം തെറ്റിദ്ധരിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നില്ല എന്ന് വ്യക്തമായിരിക്കുന്നു. അതിനാൽ അവകാശ ലംഘന പ്രശ്നം തീർപ്പാക്കിയിരിക്കുന്നു.

(ii) ശ്രീ. ചാണ്ടി ഉമ്മൻ, എം. എൽ. എ. നൽകിയ പരാതി

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളന കാലയളവിൽ 03-07-2024-ന് രാത്രി ശ്രീകാര്യം പൊലീസ് സ്റ്റേഷന് മുന്നിൽ സമാധാനപരമായ പ്രതിഷേധ നടപടികളുമായി തുടർന്ന തനിക്കും കൂട്ടർക്കുമെതിരെ എസ്.എഫ്.ഐ. പ്രവർത്തകരുടെ ആക്രമണം ഉണ്ടായപ്പോൾ സംഭവസ്ഥലത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന പൊലീസ് ഉദ്യോഗസ്ഥർ ആക്രമണം തടയാൻ യാതൊരു ശ്രമവും നടത്താതെ കൃത്യനിർവഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയതും വസ്തുതകളെ വളച്ചൊടിച്ച് തനിക്കെതിരെ കേസ് എടുത്തതും നിയമസഭാംഗമെന്ന നിലയിൽ തനിക്ക് ലഭിക്കേണ്ട അവകാശങ്ങളുടെ ലംഘനമായി കണക്കാക്കി

പ്രസ്തുത പൊലീസ് ഉദ്യോഗസ്ഥർക്കെതിരെ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ചാണ്ടി ഉമ്മൻ, എം.എൽ.എ. നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പിൽനിന്നും വിശദീകരണം ആരാഞ്ഞിരിന്നു. ഗുരുതരമായ ക്രമസമാധാന പ്രശ്നം നിലനിന്നിരുന്ന സ്ഥലത്തുണ്ടായിരുന്ന അംഗത്തിന് എതിർപാർട്ടിക്കാരിൽനിന്നും ബുദ്ധിമുട്ടുണ്ടാക്കാതെ സംരക്ഷിക്കുകയാണുണ്ടായിട്ടുള്ളതെന്നും കെ.എസ്.യു. പ്രവർത്തകരുടെ അക്രമണത്തിൽനിന്നും പരിക്കേറ്റ പൊലീസ് ഉദ്യോഗസ്ഥന്റെ മൊഴിയുടെ അടിസ്ഥാനത്തിലാണ് ആദ്യഘട്ടത്തിൽ നിയമസഭാംഗങ്ങളെ പ്രതികളാക്കി എഫ്.ഐ.ആർ. ഇട്ടതെന്നും തുടർ പരിശോധനയിൽ അവർ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടില്ലെന്നും ബോധ്യപ്പെട്ടതിനാൽ പ്രതിപട്ടികയിൽനിന്നും ഒഴിവാക്കിയെന്നും സൂചിപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവകാശലംഘന പ്രശ്നം തീർപ്പാക്കിയിരിക്കുന്നു.

(iii) <u>ശ്രീമതി സി. കെ. ആശ, എം. എൽ. എ. നൽകിയ പരാതി</u>

21-08-2024-ന് വൈക്കത്തെ വഴിയോരക്കച്ചവടക്കാരെ

ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷത്തിൽ അറസ്റ്റിലായ തൊഴിലാളികളെയും നേതാക്കളെയും ജാമ്യത്തിലെടുക്കുന്നതിനായി വൈക്കം പോലീസ് സ്റ്റേഷനിലെത്തിയ തന്നോട് നിയമസഭാംഗമെന്ന നിലയിലുള്ള പരിഗണനപോലും നൽകാതെ അപമര്യാദയായി പെരുമാറിയ വൈക്കം എസ്.എച്.ഒ.-യ്ക്ക് എതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സി. കെ. ആശ, എം.എൽ.എ. നോട്ടീസ് നൽകിയിരിന്നു.

ചെയർ ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പിൽനിന്നും വിശദീകരണം ആരാഞ്ഞിരിന്നു. വൈക്കം എം.എൽ.എ.-യോടുള്ള എസ്.എച്ച്.ഒ.-യുടെ പെരുമാറ്റം ജനപ്രതിനിധി എന്ന നിലയിലും നിയമസഭാ സാമാജിക എന്ന നിലയിലും പദവിയോടുള്ള അവഗണനയും അവഹേളനവും ആണെന്ന് വെളിവായിട്ടുണ്ട്. വൈക്കം എസ്.എച്ച്.ഒ. ആയിരുന്ന ശ്രീ. കെ. ജെ. തോമസിനെ 27-09-2024 തീയതി ഇരാറ്റുപേട്ട പൊലീസ് സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റിയതായി സംസ്ഥാന പൊലീസ് മേധാവി റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ ബഹുമാനപ്പെട്ട അംഗത്തിന് വിശദമായ റിപ്പോർട്ട് നേരിട്ട് നൽകുന്നതിനായി എറണാകുളം മേഖലാ ഡി.ഐ.ജി.-ക്ക്

നിർദേശം നൽകിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവകാശലംഘന പ്രശ്നം തീർപ്പാക്കിയിരിക്കുന്നു.

(II) അനുമതി നിഷേധിച്ചവ

(i) <u>ശ്രീ. എം. വിൻസെന്റ്, എം.എൽ.എ. നൽകിയ നോട്ടീസ്</u>

പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാമത് സമ്മേളനത്തിൽ നടപടികൾ നിർത്തിവയ്ക്കുന്നു എന്ന ഉപക്ഷേപത്തിന് 08-08-2023-ൽ നടന്ന ചർച്ചയ്ക്കിടയിൽ "സപ്ലൈകോ റീട്ടെയിൽ ഔട്ട്‌ലെറ്റുകളിൽ 13 നിത്യോപയോഗ സാധനങ്ങൾ ഭൂരിഭാഗവും നിലവിലില്ല എന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നു" എന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പരാമർശം തെറ്റാണെന്ന ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ പ്രസ്താവന വാസ്തവ വിരുദ്ധമാണെന്നും ഇത്തരത്തിൽ തെറ്റിദ്ധാരണ പരത്തുന്ന തരത്തിലുള്ള അദ്ദേഹത്തിന്റെ പരാമർശം നിയമസഭാംഗങ്ങളുടെ അവകാശം ലംഘിക്കുന്നതാകയാൽ ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. എം. വിൻസെന്റ്,

എം.എൽ.എ. നോട്ടീസ് സമർപ്പിച്ചിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയിൽനിന്നും പ്രതികരണം ആരാഞ്ഞിരുന്നു. സപ്ലൈകോ വിൽപനശാലകളിലെ അവശ്യ വസ്തുക്കളിൽ ചില ഇനങ്ങൾ ലഭ്യമല്ലെന്നും അവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി പ്രസംഗത്തിൽ ഉന്നയിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവകാശലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുന്നു.

(ii) <u>ശ്രീ. രമേശ് ചെന്നിത്തല, എം.എൽ.എ. നൽകിയ നോട്ടീസ്</u>

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ, 16-09-2025-ൽ ശ്രീ. റോജി എം. ജോൺ., എം.എൽ.എ. അവതരിപ്പിച്ച, നടപടികൾ നിർത്തിവയ്ക്കുന്ന എന്ന ഉപക്ഷേപത്തിന്മേൽ നടന്ന ചർച്ചയിൽ മറുപടി പറയവേ 2016 മുതൽ ഇതുവരെ അച്ചടക്കനടപടിയുടെ ഭാഗമായി ഗുരുതര കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട 144 പൊലീസുകാരെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടു എന്ന് ബഹു. മുഖ്യമന്ത്രി സഭയിൽ പറയുകയുണ്ടായെന്നും ഇത് വസ്തുതകൾക്ക് നിരക്കാത്തതാണെന്നും, സഭയെ തെറ്റിദ്ധരിപ്പിക്കണമെന്ന

ഉദ്ദേശ്യത്തോടെയാണ് ഇങ്ങനെ പറഞ്ഞത് എന്ന കാരണത്താൽ ബഹു. മുഖ്യമന്ത്രിക്കെതിരെ അവകാശ ലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. രമേശ് ചെന്നിത്തല, എം.എൽ.എ. നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹു. മുഖ്യമന്ത്രിയിൽനിന്നും പ്രതികരണം ആരാഞ്ഞിരുന്നു. 25-05-2016 മുതൽ 18-09-2025 വരെ ഗുരുതരമായ ക്രിമിനൽ കേസുകളിലുൾപ്പെട്ട 82 പൊലീസ് ഉദ്യോഗസ്ഥരെയും ഗുരുതരമായ പെരുമാറ്റ ദൂഷ്യത്തിൽ ഉൾപ്പെട്ട 62 പൊലീസ് ഉദ്യോഗസ്ഥരെയും ഉൾപ്പെടെ 144 പേരെ സർവീസിൽനിന്നും നീക്കം ചെയ്തിട്ടുണ്ടെന്നും അനധികൃതമായി ദീർഘകാലം ഡ്യൂട്ടിയിൽനിന്നും വിട്ടുനിന്നതിനെ തുടർന്ന് 236 പോലീസുകാരെയും പിരിച്ചുവിട്ടിട്ടുണ്ടെന്നും പിരിച്ചുവിടപ്പെടുന്ന ഉദ്യോഗസ്ഥരെ ബഹു. കോടതിയുടെയോ ട്രിബ്യൂണലിന്റെയോ ഉത്തരവ് പ്രകാരമോ അപ്പീൽ അധികാരികളുടെ ഉത്തരവ് അനുസരിച്ചോ തിരികെ സർവീസിൽ പ്രവേശിപ്പിക്കാറുണ്ടെന്നും നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് ഇപ്രകാരം തീരുമാനമെടുക്കുന്നതെന്നും സഭയിൽ നടത്തിയ പരാമർശം വസ്തുതാപരമാണെന്നും അതിൽ യാതൊരു

അവകാശലംഘന പ്രശ്നവും ഉദിക്കുന്നില്ല എന്ന വിവരം ബഹു. മുഖ്യമന്ത്രി അറിയിച്ചിരിക്കുന്നു.

ബഹു. മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവകാശ ലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുന്നു.